**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **12-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനം പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ യൂണിറ്റ് കണക്ക് താഴെ ചേർക്കുന്നു. വർഷം യൂണിറ്റ് (Mu) ചെലവാക്കിയ തുക (കോടിയിൽ) 2016-17 - 19734.92 - 7393.32/- 2017-18 - 19426.74 - 7526.03/- 2018-19 - 18761.47 - 7869.32/- 2019-20 - 21128.51 - 8680.00/- 2020-21 - 18262.34 - 8057.93/- |
| (ബി) | വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജലവൈദ്യുതിക്ക് പുറമേ മറ്റ് രീതിയിൽ വൈദ്യുത ഉല്പാദനം നടത്താനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജലവൈദ്യുതിക്ക് പുറമേ പാരമ്പര്യേതര ഊർജ്ജമായ സോളാർ എനർജി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി റൂഫ് ടോപ്പ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ, ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ എന്നീ പദ്ധതികളും, കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളും സാധ്യതാ പഠനം നടത്തി നടപ്പിലാക്കി വരുന്നു. |
| (സി) | പുറമേനിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാനും അന്തർസംസ്ഥാന ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിലേക്ക് പ്രസരണ നഷ്ടം കുറച്ച വൈദ്യുതി എത്തിക്കുന്നതിന് വേണ്ടി നിർമ്മിച്ച ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ 2019ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ടി ലൈൻ വന്നതോടു കൂടി 400 കെ.വി. പ്രസരണ ശൃംഖല വഴി ഇന്ത്യയിൽ എവിടെ നിന്നും സംസ്ഥാനത്ത് വൈദ്യുതി എത്തിക്കാം. 1000 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ നേരിട്ടെത്തിക്കുവാൻ വേണ്ടി നിർമ്മിച്ചിട്ടുള്ള പുഗലൂർ - തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈൻ 2021ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ടി ലൈനുകൾ രണ്ടും അന്തർസംസ്ഥാന ലൈനുകൾ ആണ്. അന്തർ സംസ്ഥാന ലൈനുകളുടെ നിർമ്മാണം കെ.എസ്.ഇ.ബി. അല്ല നിർവ്വഹിക്കുന്നത്. എന്നാൽ അന്തർ സംസ്ഥാന ലൈനുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ പ്രത്യേക കർമ്മസേനയെ നിയോഗിക്കാറുണ്ട്. ഇപ്പോൾ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിലുള്ള ഉഡുപ്പി – കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണത്തിൽ സഹായിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഇപ്രകാരം നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ